# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3813, 24.06.2014 ൽ മറുപടിയ്ക്ക്

### 'ഡോക്ടർമാരുടെ പെൻഷൻ പ്രായം കൂട്ടിയതിന്റെ കാരണം'

| ചോദ്യം<br>ശ്രീ.ജെയിംസ് മാത്യൂ | | ഉത്തരം<br>ബഹു. ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ചില പ്രത്യേക വിഭാഗം സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം കൂട്ടിയതിന്റെ കാരണം വ്യക്തമാക്കാമോ ; | ഭരണ പരമായ സൗകര്യവും, പൊതു താൽപര്യവും മുൻനിർത്തിയാണ് ചില പ്രത്യേക വിഭാഗം സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം കൂട്ടിയത്. |
| (ബി) | പി.എസ്.സി ലിസ്റ്റ് നിലനിൽക്കെ ഡോക്ടർമാർക്ക് താത്കാലികമായി പെൻഷൻ പ്രായം കൂട്ടി നൽകിയത് ഏത് സാഹചര്യത്തിലാണ് ; വ്യക്തമാക്കാമോ ; | ഡോക്ടർമാരുടെ ദൗർലഭ്യവും സമീപഭാവിയിൽ പകർച്ചവ്യാധികൾ മുതലായവ നേരിടേണ്ട സാഹചര്യവും കണക്കിലെടുത്താണ് 2014 ആഗസ്റ്റ് 31 വരെ റിട്ടയർ ചെയ്യുന്ന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഡോക്ടർമാർക്ക് 6 മാസത്തേക്ക് സേവനകാലാവധി നീട്ടി നൽകിയത്. പ്രസ്തുത ഉത്തരവിൽ തന്നെ പി.എസ്.സി മുഖേനയുള്ള നിയമനം കൃത്യമായി തുടരുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. |
| (സി) | നിലവിൽ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം കൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ ? | ഇല്ല |

സെക്ഷൻ ഓഫീസർ